താജ് ആലുവ

# ബന്ധങ്ങൾ നന്നാക്കുക ജീവിത വിജയത്തിന്

**ജീവിതത്തിന്റെ** എല്ലാ മേഖലകളിലും മനുഷ്യൻ പിരിമുറുക്കവും സമ്മർദവും അനുഭവിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. മറ്റുള്ളവരെ മറികടക്കാനും അതിജയിക്കാനുമുള്ള ഓട്ടത്തിനിടയിൽ നാം അറിഞ്ഞും അറിയാതെയും ചെയ്തുകൂട്ടുന്ന അവകാശലംഘനങ്ങൾക്ക് കൈയും കണക്കുമില്ല. പലപ്പോഴും അതിനിരയാകുന്നത് നമ്മുടെ പ്രിയപ്പെട്ടവരായിരിക്കുകയും ചെയ്യും. ഇതുമൂലം കുടുംബബന്ധങ്ങൾ തകരുന്നതും കുടുംബാന്തരീക്ഷം നരകതുല്യമാകുന്നതും നാം കൺമുന്നിൽ കാണുകയും ചെയ്യുന്നു. അയൽക്കാരും ബന്ധുക്കളും മറ്റു സാധാരണ ജനങ്ങളുമായൊക്കെയുള്ള ബന്ധങ്ങൾ വഷളാകുന്നതിനും ഇത് കാരണമാകുന്നു. ജീവിതവിജയത്തിന് അത്യന്താപേക്ഷിതമാണ് ഇത്തരം ബന്ധങ്ങൾ നന്നാക്കുകയെന്നത്. അതിനുപയുക്തമായ ധാരാളം നിർദേശങ്ങൾ പരിശുദ്ധ ഖുർആനിലും നബിവചനങ്ങളിലും കാണാം. അവയിൽനിന്ന് തെരഞ്ഞെടുത്തവയാണ് താഴെ:

### മാപ്പ് നൽകുക, ഉദാരപൂർവം

അവർ സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും സമ്പത്ത് ദാനം ചെയ്യുകയും കോപം അടക്കുകയും ജനങ്ങൾക്ക് മാപ്പ് നൽകുകയും ചെയ്യുന്നവരാണ്. അല്ലാഹു സുകൃതവാന്മാരെ ഇഷ്ടപ്പെടുന്നു (ഖുർആൻ 3:134).

ഒരിക്കൽ പ്രവാചകനോട് ഒരാൾ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, നമ്മുടെ ഭൃത്യർക്ക് നാം എത്ര പ്രാവശ്യം മാപ്പ് നൽകണം?" പ്രവാചകൻ നിശ്ശബ്ദത പാലിച്ചു. അയാൾ ചോദ്യം ആവർത്തിച്ചു. വീണ്ടും നിശ്ശബ്ദത. മൂന്നാമതും ചോദിച്ചപ്പോൾ പ്രവാചകൻ പറഞ്ഞു: "നിന്റെ ഭൃത്യന് നീ ഒരു ദിവസം എഴുപത് പ്രാവശ്യം മാപ്പ് നൽകുക."

### സത്യം മാത്രം പറയുക

നിങ്ങൾ അസത്യത്തിന്റെ വാക്കുകളിൽനിന്ന് അകന്നുനിൽക്കുക (ഖുർആൻ 22:30). പ്രവാചകൻ പറഞ്ഞു: "സത്യം പറയുക, അതെത്ര കയ്പുള്ളതാണെങ്കിലും."

### വാക്ക് പാലിക്കുക, ചെറിയ കുട്ടിയോട് പോലും!

....നിങ്ങൾ കരാർ പാലിക്കുക. തീർച്ചയായും (അന്ത്യനാളിൽ) കരാറുകളെക്കുറിച്ച് ചോദിക്കപ്പെടും (ഖുർആൻ 17:34). പ്രവാചകൻ പറഞ്ഞു: "സംസാരിക്കുമ്പോൾ കളവ് പറയുന്നവനും വാഗ്ദത്തം ചെയ്താൽ ലംഘിക്കുന്നവനും വിശ്വസിച്ചാൽ ചതിക്കുന്നവനും നമ്മിൽ പെട്ടവനല്ല."

### സൽസ്വഭാവത്തിൽ വർത്തിക്കുക. ശത്രുവിനോട് പോലും

നന്മയും തിന്മയും ഒരിക്കലും സമമാവുകയില്ല. ഏറ്റവും നല്ലതു കൊണ്ട് തിന്മയെ പ്രതിരോധിക്കുക, അപ്പോൾ നിന്റെ ശത്രുപോലും ആത്മമിത്രമായി മാറും (ഖുർആൻ 17:34). പ്രവാചകൻ പറഞ്ഞു: "നിങ്ങൾക്ക് നിങ്ങളുടെ ധനം എല്ലാവർക്കും കൊടുക്കാൻ കഴിയില്ല. എന്നാൽ സൽസ്വഭാവവും മുഖപ്രസന്നതയും മുഴുവനാളുകൾക്കും നൽകാമല്ലോ?"

### സദ്പ്രവൃത്തികൾ ചെയ്യുക, സമാധാനപൂർണമായ ജീവിതത്തിന്!

ആണാകട്ടെ പെണ്ണാകട്ടെ, വിശ്വാസിയായിക്കൊണ്ട് സൽക്കർമങ്ങൾ ചെയ്യുന്നവന് നാം വിശുദ്ധമായൊരു ജീവിതം നൽകും. അവരുടെ നല്ല പ്രവൃത്തികൾക്ക് നാം പ്രതിഫലം നൽകുകയും ചെയ്യും (ഖുർആൻ 16:97). പ്രവാചകൻ പറഞ്ഞു: "സദ്പ്രവൃത്തികളിലൊന്നിനെയും നിങ്ങൾ നിസ്സാരമായി കാണരുത്, സഹോദരനെ പുഞ്ചിരിയോടെ സ്വീകരിക്കുന്നത് പോലും."

### ഹൃദയം ശുദ്ധീകരിക്കുക. പ്രവൃത്തികൾ നന്നാകും!

ആത്മാവും അതിനെ സന്തുലിതമാക്കിയവനുമാണ!. അങ്ങനെ അതിന് ധർമത്തെയും അധർമത്തെയും പറ്റി ബോധനം നൽകിയവനുമാണ! തീർച്ചയായും ആത്മാവിനെ സംസ്കരിച്ചവൻ വിജയിച്ചു. അതിനെ ദുഷിപ്പിച്ചവൻ പരാ

ജയപ്പെട്ടു (ഖുർആൻ 91:7-10). പ്രവാചകൻ പറഞ്ഞു: "അറിയുക, മനുഷ്യശരീരത്തിൽ ഒരു മാംസക്കഷ്ണമുണ്ട്. അത് നന്നായാൽ ശരീരം മുഴുവൻ നന്നായി. അത് ദുഷിച്ചാൽ ശരീരം മുഴുവൻ ദുഷിച്ചു. അറിയുക, അതാണ് ഹൃദയം."

## മറ്റുള്ളവർക്കിടം നൽകുക, എപ്പോഴും!

സത്യവിശ്വാസികളേ, നിങ്ങളുടെ ഇരിപ്പിടങ്ങളിൽ വിശാലത കാണിക്കണെന്ന് പറയപ്പെട്ടാൽ, നിങ്ങൾ വിശാലത കാണിക്കുക, അല്ലാഹു നിങ്ങൾക്ക് വിശാലത നൽകും... (ഖുർആൻ 31:17). പ്രവാചകൻ പറഞ്ഞു: "ഒരാൾ മറ്റൊരാളെ അയാളുടെ ഇരിപ്പിടത്തിൽ നിന്നെഴുന്നേൽപ്പിക്കരുത്, തനിക്കവിടെ ഇരിക്കാൻ വേണ്ടി."

## നാവിനെ സൂക്ഷിക്കുക!

സകല ആക്ഷേപകർക്കും പരദൂഷകർക്കും നാശം (ഖുർആൻ 104:1). പ്രവാചകൻ പറഞ്ഞു: "ആരുടെ മോശം സംസാരത്തിൽനിന്നും അതിക്രമങ്ങളിൽനിന്നും രക്ഷപ്പെടാൻ വേണ്ടി മറ്റുള്ളവർ വിട്ടുമാറുന്നുവോ അവരാണ് ഏറ്റും ദുഷിച്ച മനുഷ്യർ."

## അഭിവാദ്യം ചെയ്യുക

നിങ്ങൾ അഭിവാദ്യം ചെയ്യപ്പെട്ടാൽ, അതിനേക്കാൾ നല്ല നിലയിൽ പ്രത്യഭിവാദ്യം ചെയ്യുക, അല്ലെങ്കിൽ തുല്യമായെങ്കിലും! തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളും കണക്കിലെടുക്കുന്നവനാണ്... (ഖുർആൻ 4:86). പ്രവാചകൻ പറഞ്ഞു: "ഏറ്റവും നല്ല പ്രവർത്തനങ്ങളിൽ പെട്ടതാണ് പാവങ്ങൾക്കും അർഹർക്കും ഭക്ഷണം നൽകുകയെന്നതും അറിയുന്നവരെയും അറിയാത്തവരെയും അഭിവാദ്യം ചെയ്യുകയെന്നതും."

## വിശ്വാസ്യത കാത്തുസൂക്ഷിക്കുക..

അവർ തങ്ങളുടെ വിശ്വാസ്യത കാത്തുസൂക്ഷിക്കുന്നവരും കരാറുകൾ പാലിക്കുന്നവരുമാണ്... (ഖുർആൻ 23:8). പ്രവാചകൻ പറഞ്ഞു: "സംസാരിക്കുമ്പോൾ കളവ് പറയുന്നവനും വാഗ്ദത്തം ചെയ്താൽ ലംഘിക്കുന്നവനും വിശ്വസിച്ചാൽ ചതിക്കുന്നവനും നമ്മിൽ പെട്ടവനല്ല."

## കോപം അടക്കുക...!

അവർ സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും സമ്പത്ത് ദാനം ചെയ്യുകയും കോപം അടക്കുകയും ജനങ്ങൾക്ക് മാപ്പ് നൽകുകയും ചെയ്യുന്നവരാണ്.അല്ലാഹു സുകൃതവാന്മാരെ ഇഷ്ടപ്പെടുന്നു (ഖുർആൻ 3:134). പ്രവാചകൻ പറഞ്ഞു: "മല്ലയുദ്ധത്തിൽ വിജയിക്കുന്നവനല്ല, കോപം വരുമ്പോൾ സ്വയം നിയന്ത്രിക്കുന്നവനാണ് ശക്തൻ."

## അസൂയ വെടിയുക...!

അവർ മറ്റു മനുഷ്യർക്ക് അല്ലാഹു ചെയ്ത ഔദാര്യത്തിനുമേൽ അസൂയ പുലർത്തുകയാണോ? എന്നാൽ, തീർച്ചയായും നാം ഇബ്റാഹീം കുടുംബത്തിന് വേദവും തത്ത്വജ്ഞാനവും നൽകി. കൂടാതെ മഹത്തായ ആധിപത്യവും നാമവർക്ക് നൽകിയിരുന്നു (ഖുർആൻ 4:54). പ്രവാചകൻ പറഞ്ഞു: "അസൂയയെ സൂക്ഷിക്കുക. തീ വിറക് തിന്ന് തീർക്കുന്നതുപോലെ അത് നിങ്ങളുടെ സൽക്കർമങ്ങളെ തിന്ന് തീർക്കും."

## ദൃഷ്ടി താഴ്ത്തുക...!

സത്യവിശ്വാസികളോട് പറയുക; അവർ അവരുടെ ദൃഷ്ടികൾ താഴ്ത്തുകയും ഗുഹ്യാവയവങ്ങൾ സൂക്ഷിക്കുകയും ചെയ്യട്ടെ. അതാണവർക്കേറ്റം വിശുദ്ധി പകരുക. തീർച്ചയായും അല്ലാഹു അവർ ചെയ്തുകൊണ്ടിരിക്കുന്നത് സൂക്ഷ്മമായി അറിയുന്നവനാകുന്നു (ഖുർആൻ 24: 30). പ്രവാചകനോട് ഒരാൾ ചോദിച്ചു: "ഏതു കാരണത്താലാണ് അധിക ജനങ്ങളും നരകത്തിൽ പോകുന്നത്." നബി(സ) പറഞ്ഞു: "നാവും ഗുഹ്യാവയവവും കാരണം (ഇവ സൂക്ഷിക്കാത്തതിനാൽ)."

## നല്ല കൂട്ടുകാരെ തെരഞ്ഞെടുക്കുക

എനിക്ക് നാശം. ഞാൻ ഇന്ന മനുഷ്യനെ കൂട്ടുകാരനായി തെരഞ്ഞെടുക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു! അയാളെന്നെ ദൈവസ്മരണയിൽനിന്ന്- അതെന്നെ തേടിയെത്തിയപ്പോൾ- വ്യതിചലിപ്പിച്ചു. പിശാച് മനുഷ്യനെ സംബന്ധിച്ചേടത്തോളം വഞ്ചകൻ തന്നെ! (ഖുർആൻ 25:29).

(അന്ത്യനാളിലെ ഒരു രംഗമാണിവിടെ വരച്ചുകാട്ടുന്നത്. ഇഹലോകത്ത് മോശം കൂട്ടുകാരുള്ള ഒരാൾ സ്വയം ശപിച്ചുകൊണ്ട് ഉരുവിടുന്ന വാചകങ്ങൾ).

പ്രവാചകൻ പറഞ്ഞു: "ഓരോ മനുഷ്യനും അയാളുടെ കൂട്ടുകാരന്റെ ആദർശത്തിലായിരിക്കും. അതിനാൽ താനാരുമായാണ് കൂട്ടുകൂടുന്നതെന്ന് ഓരോരുത്തനും നോക്കട്ടെ!"

## ജനങ്ങളെ സേവിക്കുക

അവർ അല്ലാഹുവിനോടുള്ള ഇഷ്ടത്താൽ പാവപ്പെട്ടവരെയും അനാഥകളെയും തടവുകാരെയും ഊട്ടുന്നു; എന്നിട്ട് ഇങ്ങനെ പറയുന്നു: "ഞങ്ങൾ നിങ്ങളെ ഭക്ഷിപ്പിക്കുന്നത് അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചാണ്; നിങ്ങളിൽനിന്ന് എന്തെങ്കിലും പ്രതിഫലമോ കൃതജ്ഞത പോലുമോ ഞങ്ങളാഗ്രഹിക്കുന്നില്ല (ഖുർആൻ 76:8,9).

പ്രവാചകൻ പറഞ്ഞു: "വിധവകളുടെയും പാവപ്പെട്ടവരുടെയും ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുന്നവൻ അല്ലാഹുവിന്റെ മാർഗത്തിലെ പോരാളിയെ പോലെയാണ്; അല്ലെങ്കിൽ പകൽ മുഴുവൻ നോമ്പനുഷ്ഠിക്കുന്നവനെയും രാത്രി മുഴുവൻ നിന്ന് നമസ്കരിക്കുന്നവനെയും പോലെ."

## മറ്റുള്ളവർക്ക് മുൻഗണന

അവർ തങ്ങളുടെ സഹോദരങ്ങൾക്ക് മുൻഗണന നൽകുന്നു, തങ്ങൾ സ്വയം പട്ടിണിയിലാണെങ്കിലും! സ്വന്തം മനസ്സിന്റെ ലുബ്ധിനെ ആർക്ക് അതിജയിക്കാൻ സാധിച്ചുവോ, അവരാണ് വിജയിച്ചവർ (ഖുർആൻ 59:9). പ്രവാചകൻ പറഞ്ഞു: "തനിക്കിഷ്ടപ്പെടുന്നത് തന്റെ സഹോദരന് വേണ്ടി ഇഷ്ടപ്പെടുന്നതുവരെ നിങ്ങളാരും വിശ്വാസികളാവുകയില്ല."

## അഹങ്കരിക്കാതിരിക്കുക..!

നീ (അഹങ്കാരത്തോടെ) മനുഷ്യരുടെ നേർക്ക് നിന്റെ കവിൾ തിരിച്ചുകളയരുത്. ഭൂമിയിലൂടെ അഹങ്കരിച്ച് നടക്കുകയുമരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ ആരെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല (ഖുർആൻ 31:18).

പ്രവാചകൻ പറഞ്ഞു: "സ്വർഗവാസികളെക്കുറിച്ച് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? അവർ പാവങ്ങളും വിനയാന്വിതരുമാണ്. അല്ലാഹുവിൽ സത്യം ചെയ്ത് എന്തെങ്കിലും ഏറ്റെടുത്താൽ, അല്ലാഹു അവർക്ക് അത് പൂർത്തീകരിച്ചുകൊടുക്കും. എന്നാൽ എല്ലാ അക്രമകാരികളും ക്രൂരന്മാരും അഹങ്കാരികളുമാണ് നരകവാസികളിലുൾപ്പെടുക." ■